# കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോവിഡ് 19 - ആശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും റേഷൻ കാർഡില്ലാത്തവർക്കും ഭക്ഷ്യ ധാന്യ കിറ്റ് സൗജന്യ മായി വിതരണം ചെയ്യുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 350 കോടി രൂപ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (ഡി.ആർ.എഫ്. - എ) വകുപ്പ്

സ.ഉ. (സാധാ) നം. 1223 /2020/റവ. തിരുവനന്തപുരം, തീയതി, 31/03/2020

പരാമർശം: ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 27/03/2020 ലെ 27032020/ധന നമ്പർ കുറിപ്പ്

## ഉത്തരവ്

കേരളത്തിൽ കോവിഡ് -19 പടർന്നു പിടിച്ചിരിക്കുന്ന സാഹചര്യത്തിൽ , ആശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും റേഷൻ കാർഡില്ലാത്തവർക്കും ഭക്ഷ്യ ധാന്യ കിറ്റ് സൗജന്യ മായി വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 350 കോടി രൂപ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് അനുവദിച്ചു ഉത്തരവാകുന്നു .ഇക്കാര്യത്തിൽ അടിയന്തിര തുടർ നടപടികൾ ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്വീകരിക്കേണ്ടതാണ് . 350 കോടി രൂപയ്ക്കു പുറമെ ആവശ്യമായി വരുന്ന ബാക്കി തുക ബജറ്റ് വിഹിതമായി കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ് .

2) റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ളനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള നടപടികളും ഭക്ഷ്യ പൊതുവിതരണ വകുപ്പ് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് .

3) മേലുദ്ധരിച്ച 350 കോടി രൂപ *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.വേണു വി

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി ,ധനകാര്യ വകുപ്പ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
സെക്രട്ടറി,ഭക്ഷ്യ പൊതുവിതരണ വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**പകർപ്പ്**

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ് ബി/ഡി.ആർ.എഫ് സി വകുപ്പുകൾക്ക്)

ഉത്തരവിൻ പ്രകാരം

Bindumol.K.N

സെക്ഷൻ ഓഫീസർ

Scanned with CamScanner